**താഴ്ന്ന വിഭാഗം ജീവനക്കാർക്ക് എൽ.ഡി.ക്ലാർക്ക് നിയമനത്തിനുള്ള സംവരണ ക്വാട്ട വർദ്ധിപ്പിക്കാൻ നടപടി**

**9 (2106)** ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ഡി.ക്ലാർക്ക് തസ്തികയിലേക്കുള്ള നിയമനത്തിന് താഴ്ന്ന വിഭാഗം ജീവനക്കാർക്കുള്ള ക്വാട്ട പത്ത് ശതമാനം എന്നുള്ളത് പതിനഞ്ച് ശതമാനം ആക്കുവാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഉത്തരവുണ്ടാക്കുവാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ ജോലി ചെയ്തുവരുന്ന താഴ്ന്ന തസ്തികകൾക്ക് മറ്റ് പ്രൊമോഷൻ സാദ്ധ്യത ഇല്ലാത്ത അവസരത്തിൽ പത്ത് ശതമാനം ക്വാട്ട പതിനഞ്ച് ശതമാനം ആക്കുന്നത് പ്രസ്തുത ജീവനക്കാർക്ക് ഗുണകരമാണെന്ന വസ്തുത കണക്കിലെടുത്ത് അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൽ.ഡി.ക്ലാർക്ക് തസ്തികയിലേക്കുള്ള നിയമനത്തിന് താഴ്ന്ന വിഭാഗം ജീവനക്കാർക്ക് നിലവിലുള്ള ക്വാട്ട അഞ്ച് ശതമാനമാണ്. ഇത് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പരിഗണനയിലില്ല.

**സെക്രട്ടേറിയറ്റിനു മുന്നിലെ ബഹുജനസമരം**

**10 (2109)** ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ നയങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് സെക്രട്ടേറിയറ്റിന് മുമ്പിൽ ബഹുജനസമരം നടത്തുന്നതിനെക്കുറിച്ച് ഈ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) കെ. പി. സി. സി. പ്രസിഡന്റ് ഉത്ഘാടനം ചെയ്ത് ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം. പി., ശ്രീ. എഴുകോൺ നാരായണൻ എം.എൽ.എ. എന്നിവർ നേതൃത്വം നൽകി 17-6-2003 ന് നടത്തിയ സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സമരം സർക്കാരിന്റെ നയങ്ങൾക്ക് വിരുദ്ധമാണോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് ആരുടെയെല്ലാം പേരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly